**Athmaraksha.org**

ദൈവത്തിന്റെ കരുണയും, സ്നേഹവും, സംരക്ഷണവും

# സ്നേഹം ദൈവത്തിന്റെ ദൗർബല്യം : പാപ്പാ ഫ്രാൻസിസ്



മനുഷ്യനെ സ്നേഹിക്കാതിരിക്കാനാവാത്ത ദൈവത്തിന്റെ സ്നേഹത്തെയും കാരുണ്യത്തെയും കുറിച്ച് പാപ്പാ ഫ്രാൻസിസിന്റെ തനിമയുള്ളൊരു ചിന്ത.

ഒക്ടോബർ 29-ാം തീയതി വ്യാഴാഴ്ച രാവിലെ വത്തിക്കാനിലെ പേപ്പൽ വസതി, സാന്താ മാർത്തയിലെ കപ്പേളയിൽ അർപ്പിച്ച ദിവ്യബലിമദ്ധ്യേയുള്ള വചനപ്രഘോഷത്തിലാണ് പാപ്പാ ഇങ്ങനെ ചിന്തകൾ പങ്കുവച്ചത്.

ദൈവം സദാ സ്നേഹിക്കുന്നു, അവിടുന്ന് ഒരിക്കലും നമ്മെ പരിത്യജിക്കുന്നില്ല, വിധിക്കുന്നില്ല എന്നത് മനുഷ്യർക്കുള്ള രക്ഷയുടെ ഉറപ്പാണെന്ന്, പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തെ ആധാരമാക്കി പാപ്പാ ഉദ്ബോധിപ്പിച്ചു (റോമ.8,3139). എന്നാൽ ഇത് ക്രൈസ്തവന്റെ മിഥ്യയായ വിജയബോധമായിരിക്കരുതെന്നും പാപ്പാ താക്കീതു നൽകി. കാരണം, ക്രിസ്തുവിലൂടെ നമുക്ക് ലഭിച്ചിരിക്കുന്ന രക്ഷണീയ സ്നേഹത്താൽ മാത്രമാണ് നമ്മെ ആർക്കും ദൈവസ്നേഹത്തിൽ നിന്നും അകറ്റി നിർത്താനാവാത്തതെന്ന് പാപ്പാ വ്യക്തമാക്കി.

ഇവിടെ വ്യക്തിയുടെ വിജയമോ, ശത്രുവിന്റെ പരാജയമോ അല്ല, മറിച്ച് ദൈവസ്നേഹത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ അടിസ്ഥാനപരമായ പങ്കുചേരലാണെന്ന് പാപ്പാ വിവരിച്ചു. അങ്ങനെയുള്ള സ്നേഹത്തിൽ നിന്നും ഏതെങ്കിലും ശക്തിക്കോ, വ്യക്തിക്കോ, യുക്തിക്കോ അധികാരത്തിനോ നമ്മെ വേർപെടുത്താനാവില്ലെന്നും പാപ്പാ വ്യാഖ്യാനിച്ചു.

ക്രിസ്തുവിലൂടെ ലഭിക്കുന്ന ഈ ദൈവിക കാരുണ്യത്തിന്റെ ദാനം, അല്ലെങ്കിൽ സമ്മാനം പാപം മൂലവും വ്യർത്ഥതമൂലവുമാണ് തിരസ്കൃതമാകുന്നത് എങ്കിലും ദൈവത്തിന്റെ ദാനമായ സ്നേഹം അചഞ്ചലമാണ്, അസ്തമിക്കാത്തതാണ്. അങ്ങനെ നമ്മിൽ നിന്നും ഒരിക്കലും പിരിഞ്ഞുപോകാത്ത അമൂല്യദാനമായി ദൈവസ്നേഹം നിലനില്ക്കുന്നു. അതിനാൽ ശക്തനും അമർത്യനുമാണ് ദൈവമെങ്കിലും, മനുഷ്യനോടുള്ള സ്നേഹം അവിടുത്തെ ദൗർബല്യമാണെന്ന് പാപ്പാ സമർത്ഥിച്ചു. സ്നേഹിക്കാതിരിക്കാനോ, മനുഷ്യരുടെ ബലഹീനതകളിൽ നിന്നും ഓടിയൊളിക്കാനോ ദൈവത്തിനാകില്ല. അവിടുന്ന് കരുണാർദ്രനായി നമ്മെ അനുഗമിക്കുന്നു, പിന്നെയും സ്നേഹിക്കുന്നു. രക്ഷയുടെ സന്ദേശം അറിയിച്ച പ്രവാചകന്മാരെ കൊലപ്പെടുത്തിയ ജറുസലേം പട്ടണത്തെ നോക്കി ക്രിസ്തു വിലപിച്ചു, സുവിശേഷ സംഭവത്തെയും പാപ്പാ ചിന്താവിഷയമാക്കി (ലൂക്ക 13, 31-35). തള്ളക്കോഴി കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ

സംരക്ഷിക്കുന്ന അലങ്കാരത്തിൽ വീണ്ടും ദൈവത്തിന്റെ കരുണാർദ്ര രൂപവും അവിടുത്തെ ലോലവും ലാളിത്യവുമാർന്ന പ്രതിരൂപവുമാണ് തെളിഞ്ഞുവരുന്ന തെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. ലോലവും ദിവ്യവുമായ ആ സ്നേഹത്തിൽ നിന്നും മരണത്തിനോ ജീവനോ, ദൂതന്മാർക്കോ അധികാരികൾക്കോ, ഇക്കാലത്തുള്ളതോ വരാനിരിക്കുന്നതോ ആയ ശക്തികൾക്കോ, ഉയരത്തിനോ ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്നും നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്ന് ഉറപ്പുണ്ടെന്ന്, പൗലോസ്ലീഹായെ ഉദ്ധരിച്ചുകൊണ്ട് പാപ്പാ ഉദ്ബോധിപ്പിച്ചു (38).

ദൈവത്തിന് സ്നേഹിക്കാതിരിക്കാനാവില്ലെന്നത് മനുഷ്യന്റെ, വിശിഷ്യ ക്രൈസ്തവന്റെ ഉറപ്പായ സുരക്ഷയാണെന്നു പറയാം. ആ സ്നേഹം മനുഷ്യർ തള്ളിക്കളയുമ്പോഴും ദൈവം നമ്മോടു ക്ഷമിക്കുന്നു, പൊറുക്കുന്നു, കരുണ കാണിക്കുന്നു. പിതാവായ ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം നാം ഇവിടെ ദർശിക്കുന്നു. ശക്തനും സ്രഷ്ടാവുമായ ദൈവം വിലപിക്കുന്നു! ജെറുസലേമിനെ നോക്കിയുള്ള ക്രിസ്തുവിന്റെ കരച്ചിലിൽ പ്രതിഫലിക്കുന്നത് ദൈവത്തിന്റെ അതിരുകളില്ലാത്ത സ്നേഹമാണ്. ലോകത്ത് ഇന്നും അധർമ്മം അധികമായി ഉയരുമ്പോഴും അവിടുന്ന് മാനവകുലത്തെ വിധിക്കുന്നില്ല, പരിത്യജിക്കുന്നില്ല, വീണ്ടും നമ്മോട് കരുണ കാണിക്കുന്നു, ക്ഷമിക്കുന്നു. കാരണം ദൈവം സ്നേഹമാണ്, എന്ന ചിന്തയോടെ പാപ്പാ വചനസമീക്ഷ ഉപസംഹരിച്ചു.